പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2070 17.12.2012 ൽ മറുപടിക്ക്**

## വ്യവസായ സംരക്ഷണ സേന

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് വ്യവസായ സംരക്ഷണസേന നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിക്കാമോ; | എ)സംസ്ഥാനത്ത് വ്യവസായ സംരക്ഷണ സേന രൂപീകരിക്കുന്നതിന് വേണ്ടി സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ പൊതു, സ്വകാര്യ മേഖലകളിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനങ്ങൾക്ക്, ഫീസ് ഈടാക്കിക്കൊണ്ട്, മതിയായ സുരക്ഷ പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത സേന രൂപീകരിച്ചിട്ടുള്ളത്. തുടക്കത്തിൽ, മിനിസ്റ്റീരിയൽ ജീവനക്കാരുൾപ്പെടെ 500 അംഗങ്ങളാണ് ഈ സേനയിൽ ഉണ്ടാവുക. |
| ബി) പ്രസ്തുത സേനയിലേയ്ക്കുള്ള റിക്രൂട്ടിംഗ് എങ്ങനെയെന്ന് വിശദീകരിക്കാമോ; | ബി) പ്രസ്തുത സേനയിലേക്കുള്ള റിക്രൂട്ടിംഗ് അന്യത്ര സേവനം വഴിയാണ്. |
| സി) സംസ്ഥാന വ്യവസായ സംരക്ഷണ സേനയുടെ സേവനം ആവശ്യപ്പെടുന്ന പക്ഷം സ്വകാര്യമേഖലയിലെ സംരംഭങ്ങൾക്കും ലഭ്യമാക്കുമോ; | സി) സ്വകാര്യ മേഖലയിലെ സംരംഭങ്ങൾക്കും വ്യവസായ സംരക്ഷണ സേനയുടെ സേവനം ലഭ്യമാക്കുന്നതാണ്. |
| ഡി) എസ്.ഐ.എസ്.എഫ്-ന്റെ രൂപീകരണത്തിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) എസ്.ഐ.എസ്.എഫിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിനായി ADGP (Training) ന്റെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ